പലിശ ചെലവ്

9 (1279) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പലിശചെലവ് എത്രയായിരുന്നു ;

(ബി) ഇപ്പോൾ അതെത്രയാണ് ;

(സി) ഇപ്പോൾ ആളോഹരി പലിശചെലവ് എത്രയാണ് ?

ഉത്തരം

(എ) 1996-97 വർഷത്തെ പലിശ ചെലവ് 1103.41 കോടി രൂപ.

(ബി) 1999-2000 - ലെ പലിശ ചെലവ് 1952.27 കോടി രൂപ.

(സി) 2000-ലെ ആളോഹരി പലിശ 603 രൂപയാണ്.

സംസ്ഥാനത്തെ നാഷണൽ ഹൈവേ നിർമ്മാണത്തിന് ലഭിച്ച തുക

10 (1280) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നാഷണൽ ഹൈവേയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി കേന്ദ്ര സർക്കാർ എന്തു തുക സംസ്ഥാന സർക്കാരിന് നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ നിന്നും എന്തു തുക ചെലവാക്കിയിട്ടുണ്ട് ;

(സി) ഇതിൽ നിന്നും എന്തു തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ഇത് എന്താവശ്യത്തിനു വേണ്ടിയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 422.24 കോടി രൂപ

(ബി) മുഴുവൻ തുകയും ചെലവഴിച്ചു.

(സി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly